(ഡി) 785 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സമുദ്രതീര പുറമ്പോക്ക് മത്സ്യ തൊഴിലാളികൾക്ക് പതിച്ചു നൽകുന്നതിന് ഫിഷറീസ്, ടൂറിസം വകുപ്പുകളുടെയും തുറമുഖ ഭൂമിയാണെങ്കിൽ ഇതു കൂടാതെ തുറമുഖ വകുപ്പിന്റെയും അനുമതി പത്രം ആവശ്യമാണ്. തിരുപുറം, കരിങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം പ്രദേശങ്ങളിലെ മത്സ്യ തൊഴിലാളികളുടെ അപേക്ഷയിന്മേൽ ടി വകുപ്പുകളുടെ വ്യക്തമായ മറുപടി ലഭിക്കാത്തതുകാരണം പട്ടയ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

പട്ടാമ്പി ടൗണിൽ സൈഡ് ഭിത്തി കെട്ടുന്നതിന് നിർദ്ദേശം

16 [630] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പട്ടാമ്പി ടൗണിനടുത്ത് ക്രോസ് വേയ്ക്കും ബസ്സ്റ്റാന്റിനുമിടയിൽ സൈഡ് ഭിത്തി കെട്ടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) കോടിക്കണക്കിന് രൂപയുടെ ഫണ്ടുള്ള റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഇതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഇത്തരം ജോലികൾ ചെയ്യുവാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

തലശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

17 [631] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി തലശ്ശേരി താലൂക്ക് ഓഫീസ് കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി കൈക്കൊണ്ടു എന്നു വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തലശ്ശേരി താലൂക്ക് ഓഫീസ് കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി മൂന്ന് കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അനുയോജ്യമായത് നിശ്ചയിച്ച് ആഫീസ് മാറ്റുന്ന നടപടി പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly